# ഹാട്ടേ ബാസാറേ

## എം. പ്രഭാകരൻ

**ബം**ഗാളിയിലെ പല നല്ല കൃതികളും പുതുമയോടും ചൈതന്യത്തോടും കൂടി ചലച്ചിത്രത്തിലാവിഷ്കരിച്ച തപൻ സിഹയുടെ പ്രഗൽങ്ങളായ കൈകൾ മലയാളവായനക്കാർക്ക് സുപരിചിതനായ വനഫൂലിന്റെ ഈ കഥ കൈകാര്യം ചെയ്തപ്പോഴും വിജയിച്ചിട്ടുണ്ടെന്നു പറയാം. വൈവിധ്യമില്ലാത്ത ത്രികോണപ്രേമകഥകളിൽ, കഥയോടു ബന്ധപ്പെടാത്ത മനംമടുപ്പിക്കുന്ന തമാശകളും പാട്ടുകളും കത്തിച്ചെലുത്തി ചലച്ചിത്രമെന്ന പേരിൽ പുറത്തിറക്കിയാൽ മാത്രം ഇഷ്ടപ്പെടുന്ന പ്രേക്ഷകരെ ഈ ചിത്രം തൃപ്തിപ്പെടുത്തിയെന്നു വരില്ല. കാരണം ചലച്ചിത്രവും മറ്റു കലാസൃഷ്ടികളെപ്പോലെ ബോധപൂർവം കൈകാര്യം ചെയ്യേണ്ട ഒരു കലാരൂപമാണെന്ന് വിശ്വസിക്കുന്ന പ്രതിഭാശാലികളായ ചുരുക്കം ചില സംവിധായകന്മാരിലൊരാളാണ് തപൻ സിഹനയെന്ന് അദ്ദേഹത്തിന്റെ ഇതിനുമുൻപ് പുറത്തിറങ്ങിയ മിക്ക ചിത്രങ്ങളും തെളിയിച്ചിട്ടുണ്ട്.

### ഡോക്ടറുടെ കഥ

ബീഹാറിലെ പ്രകൃതിസുന്ദരമായ ഒരു പ്രദേശത്താണ് കഥ നടക്കുന്നത്. അനവധി കാലമായി അവിടെ ജോലി നോക്കി വരുന്ന മനുഷ്യസ്നേഹിയായ ഒരു ബംഗാളി ഡോക്ടറെ ചുറ്റിപ്പറ്റി നിൽക്കുന്ന ഈ കഥയിലും, സിഹ്നയുടെ മറ്റു പല ചിത്രങ്ങളിലെന്ന പോലെ, പാർക്കിലും വള്ളിക്കുടിലുകളിലും പ്രേമഗാനങ്ങൾ പാടി ഒളിച്ചോടി കളിക്കുന്ന കാമുകീകാമുകന്മാരോ, സ്ഥിരം ഹാസ്യനടന്മാരുടെ വിലകുറഞ്ഞ തമാശരംഗങ്ങളോ, അർദ്ധനഗ്നകളായ നർത്തകികളുടെ നൃത്തങ്ങളോ, കണ്ടെന്നു വരില്ല. പ്രതാപവും പണവുംകൊണ്ട് ഉദ്യോഗത്തെ കീഴടക്കി എന്തും പ്രവൃത്തിക്കുവാൻ മടിക്കാത്ത ഇന്നത്തെ സമുദായത്തിലെ ദുഷിച്ച ചില മനുഷ്യരേയും അവരുടെ അക്രമങ്ങൾക്കിരയാകുന്ന



അശോക് കുമാർ, വൈജയന്തിമാല

സാധുക്കളുടെ ജീവിതവിഷമങ്ങളെയും പകർത്തിക്കാട്ടുന്നതിനാലാണ് ഈ ചിത്രത്തിന്റെ വിജയം കുടികൊള്ളുന്നത്, ഡോക്ടറുടെ ഉദ്യോഗസ്ഥലത്തെ പ്രതാപിയായ ഒരു പണക്കാരന്റെ മകൻ ലക്ഷ്മണൻ ഒരു സാധുബാലികയെ മാനഭംഗപ്പെടുത്തുവാൻ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകുന്നതാണ് ചിത്രത്തിന്റെ തുടക്കത്തിൽ നാം കാണുന്നത്. ഒരുദിവസം ലക്ഷ്മണന്റെ കണ്ണുകൾ ഡോക്ടറുടെ വീട്ടിൽ പച്ചക്കറി വിൽക്കുവാൻ സാധാരണവരാറുള്ള സുന്ദരിയായ ചിപ്ളിയിലും പതിയുന്നു. ബാലവിധവയാണെങ്കിലും തന്റേടക്കാരിയായ ചിപ്പി ലക്ഷ്മണനിൽനിന്ന് രക്ഷനേടാൻ ഡോക്ടറെ അഭയം പ്രാപിക്കുന്നു. ആ സാധു പെൺകുട്ടി തന്റെ ഇഷ്ടത്തിനു വഴങ്ങില്ലെന്നു കണ്ടപ്പോൾ പൊലീസിന്റെ സഹായത്തോടെ കള്ളക്കുറ്റം ചുമത്തി അയാൾ അവളുടെ അനുജനെ ജയിലിലാക്കുന്നു, ഡോക്ടർ പൊലീസിനോട് ലക്ഷ്മണന്റെ അക്രമങ്ങളെ പറഞ്ഞുമനസ്സിലാക്കി അവനെ ജയിലിൽനിന്നു മോ

വൈജയന്തിമാല



ചിപ്പിക്കുകയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും ശാലീനയും സുന്ദരിയുമായ തന്റെ ഭാര്യയുടെ മാറാരോഗം നല്ല നിലയിൽ കഴിയുന്ന ഡോക്ടറുടെ ജീവിതത്തിന് ഒരിക്കലും സമാധാനം നൽകിയില്ല. ഒരുദിവസം ഭാര്യ പെട്ടെന്നു മരിക്കുന്നതോടുകൂടി അയാൾ ആകെ തളരുകയാണ്. ജോലിയിൽനിന്ന് പിരിഞ്ഞ് സാധുകൾക്ക് സൗജന്യചികിത്സയ്ക്കായി അയാൾ ഒരു മൊബൈൽ ആശുപത്രി തുടങ്ങുവാൻ തീർച്ചപ്പെടുത്തി. ഈ സംരംഭത്തിൽ അയാളെ സഹായിക്കാനായി ചിപ്ളിയും തന്റെ പഴയ സുഹൃത്തായ ഒരു റിട്ടയർഡ് സബ്ജഡ്ജിയും മുന്നോട്ടുവരുന്നു. നഗരത്തിലെ ജനത്തിരക്കുള്ള ഒരു ബസാറിൽ വെച്ചു നിത്യേന നിരവധി രോഗികളെ അയാൾ ശുശ്രൂഷിച്ചുപോന്നു. ഇതിനിടയ്ക്ക് ലക്ഷ്മണൻ പല പ്രാവശ്യവും ചിപ്ളിയെ മാനഭംഗപ്പെടുത്തുവാൻ മുതിരുകയുണ്ടായി. ഒരുദിവസം അവളെ അപമാനിക്കാനൊരുമ്പെടുന്ന ലക്ഷ്മണനുമായുള്ള ഒരു ഏററുമുട്ടലിൽ ഡോക്ടറും ലക്ഷ്മണനും മൃതിയടഞ്ഞു. രണ്ടുമണിക്കൂർ മാത്രം നീണ്ടുനിൽക്കുന്ന ഈ കഥയിലെ പ്രധാനവശങ്ങൾ ഇത്രമാത്രമാണ്.

### സ്നേഹത്തിന്റെ മുഖങ്ങൾ

അസാധാരണമായ ഒരു കഥയെന്ന് പറയുവാൻ വയ്യെങ്കിലും ഇതിലെ ഓരോ കഥാപാത്രങ്ങളും മറക്കാനാവാത്തതാണ്. ബാല്യത്തിൽ വിധവയായി തീർന്ന സുന്ദരിയായ ചിപ്ളി അവളുടെ അനുജൻ, ഡോക്ടറുടെ കാർ ഡ്രൈവർ, സജാ രവീന്ദ്രസംഗീതം പാടി നടക്കുന്ന കാർ മെക്കാനിക്, ശാലീനയും സുന്ദരിയുമായ ഡോക്ടറുടെ ഭാര്യ, പണ്ഡിതനായ റിട്ടയർഡ് സബ് ജഡ്ജി, ഇവരോരുത്തരും സ്നേഹം തുളുമ്പി നിൽക്കുന്ന ഹൃദയത്തിന്റെ മുഖച്ഛായകളാണ്. അതുകൊണ്ടാണ് ഡോക്ടറുടെ ദാരുണമായ മരണത്തോടുകൂടി അവസാനിച്ചിട്ടും ഹാളിന് പുറത്തുകടക്കുന്ന പ്രേക്ഷകരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന ഒരേ ഒരു വികാരം സ്നേഹം മാത്രമായി മാറുന്നത്. ചുരുക്കത്തിൽ മനുഷ്യസ്നേഹിയായ ഒരു ഡോക്ടറുടെ ജീവിതത്തിന്റെ പ്രഗൽഭമായ ഒരു ഡോക്യുമെന്ററിയെന്ന നിലയ്ക്ക് ഈ ചിത്രം കണക്കാക്കാവുന്നതാണ്.

### കുറവുകളുണ്ട്, പക്ഷേ,

ചിത്രം പൊതുവെ വിജയിച്ചിട്ടുണ്ടെങ്കിലും പന്തികേടുകൾ അവിടവിടെയായി നിഴലിച്ചിട്ടില്ലെന്നു പറയാതെ വയ്യ. അവയിലൊന്നാണ് ഡോക്ടറുടെ മരണത്തിന്റെ ചിത്രീകരണത്തിൽ അനാവശ്യമായി നീട്ടിക്കൊണ്ടുപോയി മെലോഡ്രാമയുടെ പ്രതീതിയുളവാക്കിയ ആശുപത്രിരംഗം. അതുപോലെ തന്നെ കാർമെക്കാനിക്കിന്റെ രവീന്ദ്രസംഗീതവും ഒഴിവാക്കാമായിരുന്നു. ടാഗൂർഗാനങ്ങൾ എല്ലായ്പ്പോഴും പാടി നടക്കുന്ന അയാളെ കാണുമ്പോൾ എന്തോ ഒരു പന്തികേടനുഭവപ്പെടുന്നു. ടാഗുർ എല്ലാവർക്കും വേണ്ടിയാണ് ഗാനങ്ങൾ എഴുതിയിട്ടുള്ളത്. അതു ഇന്നവർക്കെ പാടിനടക്കാനധികാരമുള്ളുവെന്ന് വാദിക്കയല്ല.

### അഭിനയം

ഈ ചിത്രം കൂടുതൽ ഹൃദയസ്പർശിയാക്കി തീർക്കുന്നതിൽ ഇതിലഭിനയിച്ച പ്രശസ്ത ഹിന്ദിതാരങ്ങളായ അശോക്കുമാറും വൈജയന്തിമാലയും വളരെയേറെ സഹായിച്ചിട്ടുണ്ട്. മാത്രമല്ല വൈജയന്തി ആദ്യമായി അഭിനയിക്കുന്ന ഒരു ബംഗാളി ചിത്രമെന്നുള്ളതാണ് ഇതിന്റെ മറ്റൊരു സവിശേഷത. വനഫൂലിന്റെ മറക്കാനാവാത്ത കഥാപാത്രമായ ചിപ്ളിക്ക് തന്റെ അസൂയാവഹമായ അഭിനയപാടവം മൂലം വൈജയന്തി തികച്ചും പരിപൂർണത നൽകിയിട്ടുണ്ട്. ബാലവിധവയെങ്കിലും സുന്ദരിയും നിഷ്ക്കളങ്കയുമായ ആ നാടൻപെണ്ണിന്റെ എല്ലാ സവിശേഷതകളും അവർ തികച്ചും ഉൾക്കൊണ്ടിട്ടുള്ളതായി കാണാം. സിനിമാരംഗത്തെ തന്റെ ദീർഘകാലത്തെ അഭിനയപാടവും കൊണ്ടു താനെടുക്കുന്ന ഏതു കഥാപാത്രവുമായി അനായസേന താദാത്മ്യം പ്രാപിക്കുവാൻ കഴിവുള്ള അശോക്കുമാറിന്റെ ഡോക്ടർ കാണികളുടെ ഹൃദയത്തിൽനിന്ന് അത്ര വേഗം മാഞ്ഞുപോകില്ല. ഉടനീളം തികഞ്ഞ സംയമനദീക്ഷ അദ്ദേഹം പാലിക്കുന്നു. ബംഗാളിലെ സ്റ്റേജിൽനിന്നു തപൻസിഹ്ന ചലച്ചിത്രത്തിലേയ്ക്കു കൊണ്ടുവന്ന അജിതേഷ് ബാനർജിയുടെ ലക്ഷ്മണൻ ഒരു തികഞ്ഞ വില്ലനാണ്, ഉയർന്നു വരുന്ന ഒരു നല്ല നടനാണെന്ന് ഇതിനകം തെളിയിച്ചുകഴിഞ്ഞ പാർത്ഥാ മുക്കർജി ചിപ്ളിയുടെ അനുജന്റെ ഭാഗം നന്നാക്കിയിട്ടുണ്ട്. ഡോക്ടറുടെ വെപ്പുകാരനായി പ്രത്യക്ഷപ്പെടുന്ന ബംഗാളിലെ പ്രശസ്തഹാസ്യനടൻ ബാനു ബന്ദ്യാപാധ്യായ ഈ ചിത്രത്തിലവിടെയവിടെയായി തമാശ വിതറുന്ന മറെറാരു കഥാപാത്രമാണ്. എടുത്തുപറയേണ്ട മറ്റൊരു നടി ഡോക്ടറുടെ ഭാര്യയായി അഭിനയിച്ച സമിതാബിശ്വാസാണ്.

### സംഗീതവും ഛായാഗ്രഹണവും

തപൻസിഹ്ന തന്നെയാണ് ഇതിലെ മനോഹരമായ പശ്ചാത്തലസംഗീതം തയ്യാറാക്കിയിട്ടുള്ളത്. ക്യാമറയുടെ പിന്നിൽ പ്രവർത്തിച്ച ദിനൻ ഗുപ്തയുടെ കൈകളെ പ്രത്യേകം വാഴ്ത്താതെ വയ്യ. ബീഹാറിലെ മനോഹരമായ ഒരു ഗ്രാമത്തിന്റെ ജീവൻ ശരിക്കും ആവാഹിച്ചെടുക്കാൻ അദ്ദേഹത്തിന്റെ ക്യാമറയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

അവിശ്വസനീയമായ ഒരു കഥ, അതിൽ നിരവധി പ്രേമരംഗങ്ങൾ, കുറെ അതിഭാവുകത്വം, ഇടയ്ക്കിടയ്ക്ക് കണ്ണുനീർ, ഏച്ചുകെട്ടിയ തമാശരംഗങ്ങൾ, അല്പം അടിപിടി, ഇങ്ങിനെ സ്ഥിരം കരുക്കൾ ഒരുവിധം കൂട്ടിക്കുഴച്ച്, ഒരുതരം സ്ഥിരം ആസ്വാദകരെ മുന്നിൽ കണ്ടുകൊണ്ട് ഈ കാലത്തു പുറത്തിറക്കുന്ന നിരവധി പല ചിത്രങ്ങളിൽനിന്ന് വ്യത്യസ്തമായ ഈ ചിത്രം ഒരുപക്ഷേ, ഒരു ബോക്സോഫീസ് വിജയമായി തീരുമെന്ന് പറയാൻ വയ്യ. എങ്കിലും ബങ്കാളിലെ പ്രേക്ഷകരിൽ ഒരു നല്ല വിഭാഗം ഇത്തരം ചിത്രങ്ങളെ സ്വാഗതം ചെയ്യുന്നവരാണെന്ന് ഇതിന്നു മുൻപ് സത്യജിത്ത് റേ, തപൻ സിഹ്ന, റിത്വിക് ഘട്ടക്ക് മുതലായ പ്രശസ്ത സംവിധായകർ നടത്തിയ പരീക്ഷണങ്ങൾ തെളിയിച്ചിട്ടുള്ളതാണല്ലോ.